**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5351** **21-07-2022 - ൽ മറുപടിയ്ക്ക്**

**സിറ്റി സർക്കുലർ ബസ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബസ് റൂട്ടുകളാണ് പുതുതായി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച 262 ബസ് റൂട്ടുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. കൂടാതെ വനിതാ മത്സ്യ തൊഴിലാളികൾക്കായി പ്രത്യേക സർവ്വീസായി മൂന്ന് സമുദ്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കുന്ന സിറ്റി സർക്കുലർ ബസ് സർവ്വീസ് സംവിധാനം മറ്റ് ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗര ഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ ആരംഭിച്ച സർവ്വീസാണ് സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്). ഈ സർവ്വീസുകളിൽ പ്രതിദിനം 29500 യാത്രക്കാർ ആശ്രയിക്കുന്ന നിലയിലേയ്ക്ക് സ്വീകാര്യത വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് കൂടാതെ തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള സ്വകാര്യ വാഹനങ്ങളുടെ തിരക്കും പാർക്കിംഗും കുറയ്ക്കുവാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിൽ, നിലവിൽ ഓടികൊണ്ടിരിക്കുന്ന സർവ്വീസുകൾ പൂർണ്ണമായും ക്രമീകരിച്ചതിന് ശേഷം ഇത്തരം സർവ്വീസുകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | യൂണിറ്റ് | റൂട്ട് (എണ്ണം) |
|---|---|---|
| 1 | പൂവാർ | 13 |
| 2 | നെടുമങ്ങാട് | 8 |
| 3 | അടൂർ | 1 |
| 4 | വികാസ് ഭവൻ | 1 |
| 5 | കണിയാപുരം | 6 |
| 6 | കരുനാഗപ്പള്ളി | 10 |
| 7 | വിഴിഞ്ഞം | 7 |
| 8 | മല്ലപ്പള്ളി | 1 |
| 9 | കൊട്ടാരക്കര | 15 |
| 10 | ആര്യനാട് | 1 |
| 11 | തിരുവനന്തപുരം സെൻട്രൽ | 25 |
| 12 | പുനലൂർ | 4 |
| 13 | തിരുവനന്തപുരം സിറ്റി | 47 |
| 14 | ചടയമംഗലം | 2 |
| 15 | ആറ്റിങ്ങൽ | 9 |
| 16 | കോന്നി | 1 |
| 17 | വെഞ്ഞാറമൂട് | 10 |
| 18 | കിളിമാനൂർ | 2 |
| 19 | ചാത്തന്നൂർ | 6 |
| 20 | വെള്ളറട | 2 |
| 21 | കാട്ടാക്കട | 10 |
| 22 | പാറശ്ശാല | 2 |
| 23 | വിതുര | 1 |
| 24 | പാലോട് | 1 |
| 25 | നെയ്യാറ്റിൻകര | 13 |
| 26 | വെള്ളനാട് | 1 |
| 27 | പേരൂർക്കട | 24 |
| 28 | കൊല്ലം | 9 |
| 29 | കൽപ്പറ്റ | 1 |
| 30 | കാഞ്ഞങ്ങാട് | 1 |
| 31 | തൊട്ടിൽപ്പാലം | 6 |
| 32 | വടകര | 4 |
| 33 | പാലക്കാട് | 5 |
| 34 | ഹരിപ്പാട് | 5 |
| 35 | ചെങ്ങന്നൂർ | 1 |
| 36 | എറണാകുളം | 3 |
| 37 | ചങ്ങനാശ്ശേരി | 1 |
| 38 | കട്ടപ്പന | 1 |
| 39 | തൊടുപുഴ | 2 |
| | ആകെ | 262 |

സെക്ഷൻ ഓഫീസർ